"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിലെ ക്ലാർക്കായ ശ്രീ. കെ.മണിയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1633/2019/ത.സ്വ.ഭ.വ.** **തിരുവനന്തപുരം, തീയതി, 30.07.2019.**

പരാമർശം: 1) തൃശ്ശൂർ ജില്ലാ കളക്ടറുടെ 13.06.2019-ലെ ആർഡി-2/892/2017 നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ. 03.07.2019-ലെ 7182/എസ്റ്റാ.സി3/19/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിലെ ക്ലാർക്കായ ശ്രീ. കെ.മണി 31.03.2008-ന് സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. ടിയാൻ ജോലിയിൽ പ്രവേശിച്ച 31.03.2008 മുതൽ 30.03.2010 വരെയുള്ള രണ്ടുവർഷകാലയളവിലെ സേവനം വിജയകരമായി പൂർത്തീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. യോഗ്യത നേടിയിട്ടുള്ളത് 11.08.2015-ലാണ്. ടിയാന്റെ നിരീക്ഷണകാലം 31.03.2010 മുതൽ 30.03.2011 വരെ ഒരു വർഷത്തേയ്ക്ക് നിയമനാധികാരി പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നല്കിയിട്ടുണ്ടെന്നും 31.03.2011 മുതൽ 11.08.2015 വരെ നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയന്നൂർ ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിലെ ക്ലാർക്കായ ശ്രീ. കെ.മണി മറ്റുവിധത്തിൽ യോഗ്യനെങ്കിൽ ടിയാന്റെ നിരീക്ഷണകാലം 12.08.2015 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ നിയമനാധികാരിയ്ക്ക് സാധിക്കുമാറ് ടിയാളുടെ നിരീക്ഷണകാലം 31.03.2011 മുതൽ 13.08.2015 വരെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)

ശ്രീ. കെ.മണി, ക്ലാർക്ക്, പഴയന്നൂർ ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസ്, തൃശ്ശൂർ

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ

അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

ജില്ലാ കളക്ടർ, തൃശ്ശൂർ

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ